പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *292 12.12.2014 - ൽ മറുപടിയ്ക്ക്

## സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികളിൽ എൻ.ജി.ഒ കൾക്ക് കൂടുതൽ പങ്കാളിത്തം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി.ജോർജ്ജ്<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ.ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സാമൂഹ്യ നീതി വകുപ്പിന്റെ വിവിധ പദ്ധതികളിൽ എൻ.ജി.ഒ. കൾക്ക് കൂടുതൽ പങ്കാളിത്തം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | തീരുമാനിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ പദ്ധതികളിൽ സന്നദ്ധസംഘടനകൾക്ക് കൂടുതൽ പങ്കാളിത്തം ഉറപ്പാക്കുന്നതിനും അതനുസരിച്ച് എൻ.ജി.ഒ കളെ അക്രഡിറ്റ് ചെയ്യുന്നതിനായി ഗവൺമെന്റ്-സിവിൽ സൊസൈറ്റി പാർട്ട്ണർഷിപ്പിനാവശ്യമായ ഫ്രെയിം വർക്ക്, അക്രഡിറ്റേഷൻ മാനവൽ എന്നിവ അംഗീകരിച്ച് 30.11.2013 ലെ സ.ഉ.(എം.എസ്)നം.104/13/സാനീവ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | ഏതെല്ലാം മേഖലകളിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ. കൾക്കാണ് ഇത്തരത്തിൽ പങ്കാളിത്തം നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ, മാനസികമായി വെല്ലുവിളികൾ നേരിടുന്നവർ, മാനസിക രോഗികൾ, ഗാർഹിക പീഡനമുൾപ്പെടെ പീഡനത്തിനിരയാകുന്ന സ്ത്രീകൾ തുടങ്ങി സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ സംരക്ഷണവും പുനരധിവാസവും ഉൾപ്പെടെയുള്ള മേഖലകളിൽ പ്രവർത്തിക്കുന്ന സർക്കാരിതര സന്നദ്ധ സംഘടനകൾക്കാണ് ഈ സംരംഭത്തിൽ പങ്കാളിത്തം നൽകുന്നത്. |
| (സി) | ഇതിനായി എൻ.ജി.ഒ. കൾക്ക് അക്രഡിറ്റേഷൻ നൽകുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ